# പതിമൂന്നാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

09-07-2014-ൽ മറുപടിക്ക്.

ചോദ്യം നമ്പർ : 6645

## കോമൺവെൽത്ത് ട്രസ്റ്റ് (ഏറ്റെടുക്കലും കൈമാറ്റവും)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എ. പ്രദീപ്കുമാർ | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) | കോമൺവെൽത്ത് ട്രസ്റ്റ് (ഏറ്റെടുക്കലും കൈമാറ്റവും) ബിൽ 2012 ന് എന്തെല്ലാം സാങ്കേതിക കാരണങ്ങളാലാണ് ബഹു. രാഷ്ട്രപതിയുടെ അംഗീകാരം ലഭിക്കാത്തതെന്ന് വിശദമാക്കുമോ; | (എ) | കോമൺവെൽത്ത് ട്രസ്റ്റ് (ഏറ്റെടുക്കലും കൈമാറ്റവും) ബിൽ 2012, കേരള നിയമസഭ പാസ്സാക്കി, ബഹു. പ്രസിഡണ്ടിന്റെ അനുമതിയ്ക്കായി അയച്ചിരുന്നു. കോമൺവെൽത്ത് ഫാക്ടറിയിലെ തൊഴിലാളികളുടെ പി.എഫ്., ഇ.എസ്.ഐ. ആനുകൂല്യങ്ങളുമായി ബന്ധപ്പെട്ട ബാദ്ധ്യത സംബന്ധിച്ച് ടി. ബില്ലിലെ 3(1), 4(2), 5(1), 18 എന്നീ ഖണ്ഡങ്ങളിൻമേൽ കേന്ദ്ര സർക്കാരിന്റെ തൊഴിൽ മന്ത്രാലയം സംസ്ഥാന സർക്കാരിൽ നിന്നും സ്പഷ്ടീകരണം ആവശ്യപ്പെട്ടിരുന്നു. ഇതാണ് ടി. ബില്ലിന് അംഗീകാരം ലഭിക്കാത്തതിനുള്ള കാരണം. |
| (ബി) | പ്രസ്തുത കാരണങ്ങൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ? | (ബി) | കേന്ദ്രസർക്കാർ ആവശ്യപ്പെട്ട സ്പഷ്ടീകരണത്തിന് മറുപടി നൽകുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ പ്രതിനിധികൾ കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന് ഈ വിഷയത്തിൽ രേഖാമൂലം മറുപടി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ ടി ബില്ലിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം നേടിയെടുക്കുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ബഹു. വ്യവസായ വകുപ്പ് മന്ത്രി 1/7/2014 ന്, ധനകാര്യം, നിയമം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായും, കെ.എസ്.ഐ.ഡി.സി.യുടെ പ്രതിനിധിയുമായും ചർച്ച നടത്തുകയും, ടി ബില്ലിന് എത്രയും വേഗം കേന്ദ്രാംഗീകാരം നേടിയെടുക്കുവാൻ സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ